## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1524 | 11.08.2017-ൽ മറുപടിയ്ക്ക് |
|---|---|

**മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം എന്ന പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം എന്ന പദ്ധതി വിശദമാക്കുമോ; ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കുന്നത്; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമഗ്ര മാലിന്യ പരിപാലന പദ്ധതി രൂപീകരിക്കുന്നതിനുവേണ്ടി ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പ്രത്യേക ക്യാമ്പയിനാണ് മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം. ആഗസ്റ്റ് 15 ന്റെ സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകൾക്കുശേഷം ബഹു. മന്ത്രിമാർ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപനം നടത്തുന്നതും തുടർന്ന് എല്ലാ തദ്ദേശ സ്വയംഭരണ വാർഡുകളിലും ജനങ്ങൾ സ്വയംസമർപ്പണത്തോടെ നടത്തുന്ന പ്രഖ്യാപനങ്ങളും ഉണ്ടാകും. ഇതിനു മുന്നോടിയായി 2017 ആഗസ്റ്റ് 6 മുതൽ ആഗസ്റ്റ് 13 വരെ സന്നദ്ധ പ്രവർത്തകരെ പങ്കെടുപ്പിച്ച് ഗൃഹസന്ദർശനവും നിലവിലെ മാലിന്യ സംസ്കരണത്തിന്റെ അവസ്ഥാനിർണ്ണയ പഠനം നടത്തുകയും ചെയ്യുന്നതാണ്. ഓരോ വീട്ടിലും സ്ഥാപനത്തിലും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ എങ്ങനെ സംസ്കരിക്കപ്പെട്ടുമെന്നതു സംബന്ധിച്ചും അനുയോജ്യമായ സേവന സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് പരിചയപ്പെടുത്തുകയും ചെയ്യുന്നു. തുടർ പരിപാടികളും ആസൂത്രണം ചെയ്തുവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം ക്യാമ്പയിൻ നടപ്പാക്കും |
| (ബി) | പദ്ധതിയുടെ ഭാഗമായുള്ള വിവര ശേഖരണം പൂർത്തിയായിട്ടുണ്ടോ; ഏതെല്ലാം വിവരങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ശേഖരിക്കുന്നത്; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഇല്ല. അവസ്ഥാനിർണയ പഠന ഫോറം അനുബന്ധമായി ചേർക്കുന്നു. ആഗസ്റ്റ് 13-ാം തീയതി വിവരശേഖരണം പൂർത്തിയാകും. 2018 മാർച്ച് വരെയുള്ള തുടർ പ്രവർത്തനങ്ങളാണ് ഈ ഘട്ടത്തിൽ നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വിശദമാക്കുമോ? | (സി) | ഗൃഹസന്ദർശനവും അവസ്ഥാനിർണയ പഠനവും, ശുചിത്വ സംഗമ പരിപാടി സംഘാടനം, ശുചിത്വ മാലിന്യ പരിപാലന പ്ലാൻ തയ്യാറാക്കൽ, പ്ലാനിനനുസൃതമായ പ്രോജക്ട് രൂപീകരണ നടപടികൾ, പ്രോജക്ട് നിർവ്വഹണം എന്നിവയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന പങ്ക്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

2

അനുബന്ധം

# ഹരിത കേരളം

## ഗാർഹിക മാലിന്യസംസ്കരണം - വിലയിരുത്തൽ ഫോറം

(പ്രസക്തമായത് അടയാളപ്പെടുത്തുക)

1. ഗ്രാമപഞ്ചായത്ത്/
മുനിസിപ്പാലിറ്റി/കോർപ്പറേഷൻ: ____________________
2. ജില്ല: ____________ 3. വാർഡ് നമ്പർ: ____________
4. വീട്ടുനമ്പർ: ____________ 5. പേര്: ____________
6. ഫോൺ നമ്പർ: ____________ 7. കുടുംബാംഗങ്ങളുടെ എണ്ണം: ____________
8. വീട് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി:
എ) 3 സെന്റിൽ താഴെ ☐ ബി).3 മുതൽ 10 സെന്റ് വരെ ☐ സി). 10 സെന്റിൽ കൂടുതൽ ☐
9. കടയിൽ/ചന്തയിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾ എപ്രകാരമാണ് വീട്ടിലേക്ക് കൊണ്ടുവരുന്നത്?
എ) കൈയ്യിൽ കരുതിയ തുണി/ചാക്ക്/ചണം/പേപ്പർ സഞ്ചികൾ ഉപയോഗിക്കുന്നു ☐
ബി) കടയിൽ നിന്ന് ലഭിക്കുന്ന പ്ലാസ്റ്റിക് കവർ ഉപയോഗിക്കുന്നു ☐
സി) കടയിൽ നിന്ന് വാങ്ങുന്ന തുണി സഞ്ചി ഉപയോഗിക്കുന്നു. ☐
10. ഭക്ഷണ അവശിഷ്ടങ്ങൾ തുടങ്ങിയ അഴുകുന്ന വസ്തുക്കളും, പ്ലാസ്റ്റിക്, പേപ്പർ തുടങ്ങിയ അഴുകാത്ത വസ്തുക്കളും വെവ്വേറെ തരംതിരിച്ച് ശേഖരിച്ച് വെക്കാറുണ്ടോ?
എ) ഉണ്ട് ☐ ബി) ഇല്ല ☐
11. വീട്ടിലെ അഴുകുന്ന (ആഹാരാവശിഷ്ടങ്ങൾ) ഉൾപ്പെടെയുള്ള മാലിന്യങ്ങൾ എന്ത് ചെയ്യുന്നു?
എ) കൃഷിയിടങ്ങളിൽ/വളക്കുഴിയിൽ നിക്ഷേപിക്കുന്നു ☐
ബി) മൃഗങ്ങൾക്ക്/പക്ഷികൾക്ക് തീറ്റയായി നൽകുന്നു ☐
സി) കമ്പോസ്റ്റ് വളം ഉണ്ടാക്കുന്നു ☐
ഡി) ബയോഗ്യാസിന് ഉപയോഗിക്കുന്നു ☐
ഇ) പഞ്ചായത്ത്/നഗരസഭയ്ക്ക് നൽകുന്നു ☐
എഫ്) കത്തിച്ചു കളയുന്നു ☐
ജി) സ്വകാര്യ വ്യക്തികൾ/ ഏജൻസികൾക്ക് നൽകുന്നു ☐
എച്ച്) പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നു ☐
12. വീട്ടിലെ അഴുകാത്ത മാലിന്യങ്ങൾ (പ്ലാസ്റ്റിക്, പാട്ടകൾ, കുപ്പി, ഇലക്ട്രോണിക് വസ്തുക്കൾ) തുടങ്ങിയവ എന്ത് ചെയ്യുന്നു?
എ) വീട്ടിൽ സൂക്ഷിക്കുന്നു ☐
ബി) സ്വകാര്യവ്യക്തികൾ/ ഏജൻസികൾക്ക് നൽകുന്നു ☐
സി) പഞ്ചായത്ത്/നഗരസഭയ്ക്ക് നൽകുന്നു ☐ ഡി) കത്തിച്ചു കളയുന്നു ☐
ഇ) പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നു ☐

13. വീട്ടിൽ കമ്പോസ്റ്റ് ചെയ്യുന്നുവെങ്കിൽ എന്തുതരം കംപോസ്റ്റിങ്ങ് സംവിധാനമാണുള്ളത് ?

എ) പൈപ്പ് കമ്പോസ്റ്റ് ☐ ബി) ബക്കറ്റ് കമ്പോസ്റ്റ് ☐

സി) മൺകല കമ്പോസ്റ്റ് ☐ ഡി) മുച്ചട്ടി കമ്പോസ്റ്റ് ☐

ഇ) മണ്ണിര കമ്പോസ്റ്റ് ☐ എഫ്) റിംഗ് കമ്പോസ്റ്റ് ☐

ജി) കിച്ചൺബിൻ കമ്പോസ്റ്റ് ☐ എച്ച്) മറ്റേതെങ്കിലും തരം ☐

14. വീട്ടിൽ നിലവിലുള്ള മാലിന്യസംസ്കരണസംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടോ?

എ) ഉണ്ട് ☐ ബി) ഇല്ല ☐

15. ജൈവമാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം പ്രവർത്തനക്ഷമമായി പരിപാലിക്കുന്നതിനും, പ്ലാസ്റ്റിക് ഉടങ്ങിയ അജൈവമാലിന്യം ശേഖരിച്ച് കൊണ്ടുപോകുന്നതിനും നഗരസഭ/ഗ്രാമപഞ്ചായത്ത് ഏജൻസികളെ ഏർപ്പെടുത്തിയാൽ അവർക്ക് നിശ്ചിത നിരക്കിൽ ഫീസ് നൽകുന്നതിനു സമ്മതമാണോ?

എ) ആണ് ☐ ബി) അല്ല ☐

16. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായോ അല്ലാതെയോ നിർമിക്കുന്ന കമ്പോസ്റ്റ്കുഴിയിൽ അഴുകുന്ന മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിച്ച് വളമാക്കുന്നതിനു താൽപര്യമുണ്ടോ?

എ) ഉണ്ട് ☐ ബി) ഇല്ല ☐

17. വീട്ടിലെ അടുക്കളയിലും, കുളിമുറിയിലും ഉണ്ടാകുന്ന പാഴ്ജലം എന്ത് ചെയ്യുന്നു?

എ) പാഴ്ജലകുഴി (Soakpit) നിർമിച്ച് അതിലേക്കൊഴുക്കുന്നു ☐

ബി) സ്വീവേജ് പൈപ്പിലേക്ക് ഒഴുക്കുന്നു ☐

സി) മരങ്ങളുടെ തടത്തിലേക്കു ഒഴുക്കിവിടുന്നു ☐

ഡി) കൃഷി നനക്കുന്നതിനു വിനിയോഗിക്കുന്നു ☐

ഇ) കോംമ്പൗണ്ടിനു പുറത്തേക്കു ഒഴുക്കി വിടുന്നു ☐

18. അടുക്കളയിലും, കുളിമുറിയിലും ഉണ്ടാകുന്ന പാഴ്ജലം സംസ്കരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പാഴ്ജലക്കുഴി (സോക്പിറ്റ്) നിർമിച്ചു തരേണ്ട ആവശ്യമുണ്ടോ?

എ) ഉണ്ട് ☐ ബി) ഇല്ല ☐

19. സെപ്റ്റിക് ടാങ്ക്/ കക്കൂസ് കുഴി നിറയുമ്പോൾ എന്ത് പരിഹാരമാർഗം ആണ് അവലംബിക്കാറുള്ളത്?

എ) സമീപത്തു കുഴി നിർമിച്ച് അതിലേയ്ക്ക് കക്കൂസ് മാലിന്യം മാറ്റും ☐

ബി) മുനിസിപ്പാലിറ്റിയിൽ നിന്ന് വരുത്തുന്ന ടാങ്കർ ലോറിയിലേക്ക് പമ്പ് ചെയ്തു കൊണ്ടുപോകും ☐

സി) പ്രൈവറ്റ് ഏജൻസികളുടെ ടാങ്കർ ലോറിയിലേക്ക് പമ്പ് ചെയ്തു കൊണ്ടുപോകും ☐

ഡി) സമീപത്തെ ഓടയിലെക്കോ/തോട്ടിലെക്കോ ഒഴുക്കി വിടും ☐

ഇ) സെപ്റ്റിക് ടാങ്ക്/കക്കൂസ് കുഴി ഇതുവരെ നിറഞ്ഞിട്ടില്ല ☐